## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5299 | 05.07.2012-ൽ മറുപടിയ്ക്ക്

### പ്ലൈവുഡ് ഫാക്ടറികളുടെ പ്രവർത്തനാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര പ്ലൈവുഡ് ഫാക്ടറികൾക്കാണ് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | 83 പ്ലൈവുഡ് ഫാക്ടറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പുതിയ പ്ലൈവുഡ് ഫാക്ടറികൾ അനുവദിക്കുമ്പോൾ പ്രവർത്തനാനുമതിക്കായി തുക ഈടാക്കുന്നതിനുള്ള മാന ദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | WP(C) No. 202/1995 കേസ്സിൽ ബഹു. സുപ്രീം കോടതി നിയമിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റി നൽകിയിട്ടുള്ള മാർഗ്ഗരേഖകളിൽ 30.10.2002 നു ശേഷം റബ്ബർ തടിയുപയോഗിച്ച് പ്രവർത്തിക്കുന്ന പ്ലൈവുഡ് നിർമ്മാണ യൂണിറ്റിനു മാത്രമേ അനുമതി നൽകാനാവുകയുള്ളൂ. അങ്ങനെ പ്രവർത്തനാനുമതി നൽകുന്ന പ്ലൈവുഡ് യൂണിറ്റിന്, ഹോട്ട് പ്രസ്സ് യൂണിറ്റ് ഒന്നിന് രണ്ട് ലക്ഷം രൂപയും പീലിംഗ് മെഷീൻ ഒന്നിന് രണ്ട് ലക്ഷം രൂപയും നിരക്കിൽ ഒറ്റത്തവണ ഫീസ് ഈടാക്കി വരുന്നു. |
| (സി) | തടിയധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് ഏതെല്ലാം വകുപ്പുകളുടെ അനുമതികളാണ് വേണ്ടത്;<br>ആയവ ലഭിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് ഘടന വ്യക്തമാക്കുമോ; | (സി) | തടിയധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് ബഹു. സുപ്രീം കോടതി നിയമിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മാർഗ്ഗരേഖകളനുരിച്ച് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഫാക്ടറി പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ലൈസൻസുകൾ ആവശ്യമാണ്. സെൻട്രൽ എംപവേർഡ് കമ്മിറ്റി നിശ്ചയിച്ച ഒറ്റത്തവണ ഫീസ് നിരക്കുകൾ ഇപ്രകാരമാണ്. |

ഫർണിച്ചർ യൂണിറ്റ്, തീപ്പെട്ടിവ്യവസായ യൂണിറ്റ് എന്നീ ചെറുകിടയൂണിറ്റുകൾക്ക് പതിനായിരം രൂപയും, തടിമില്ലുകൾ, പാക്കിംഗ് കെയ്സ് / ബ്ലോക് ബോർഡ് യൂണിറ്റുകൾ എന്നിവയ്ക്ക് അൻപതിനായിരം രൂപയും, പ്ലൈവുഡ്, വെനീർ എന്നിവയ്ക്ക് രണ്ട് ലക്ഷം രൂപ വീതവുമാണ്.

(ഡി) വനം വകുപ്പിന് കഴിഞ്ഞ ഒരു വർഷക്കാലം തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് അനുമതി നൽകിയതു വഴി എത്ര തുക യുടെ വരുമാനം ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

(ഡി) 6.17 കോടി രൂപയുടെ വരുമാനം ഉണ്ടായി.

സെക്ഷൻ ഓഫീസർ